21 (*415) "ടെക്നോളജിക്കൽ മിഷൻ പദ്ധതി"

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ക്ഷീരവികസന ബോർഡ് ആവിഷ്കരിച്ച ടെക്നോളജിക്കൽ മിഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)-(സി) ദേശീയ ക്ഷീരവികസന ബോർഡ് ആവിഷ്കരിച്ച 'ടെക്നോളജിക്കൽ മിഷൻ പദ്ധതി' കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (2186) സംസ്ഥാന വികസന കൗൺസിൽ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസന കൗൺസിൽ രൂപീകരിച്ചുവോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിന്റെ ഘടനയെന്താണ്;

(സി) ഈ കൗൺസിലിന്റെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ്;

(ഡി) ഈ കൗൺസിൽ യോഗം ചേരുന്നത് എപ്പോഴെല്ലാമാണ്;

(ഇ) ഈ കൗൺസിലിന്റെ പ്രവർത്തനത്തിന് സ്റ്റാറ്റ്യൂട്ടറി വാലിഡിറ്റി നൽകാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ടി സമിതിയുടെ ഘടന ഇനി പറയും പ്രകാരമാണ്.

1) മുഖ്യമന്ത്രി	-	അദ്ധ്യക്ഷൻ
2) സംസ്ഥാന മന്ത്രിമാർ	-	ഉപാദ്ധ്യക്ഷന്മാർ
3) പ്രതിപക്ഷനേതാവ്	-	ഉപാദ്ധ്യക്ഷൻ
4) സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ	-	അംഗം

LIBRARY ARCHIVES Kerala Legislative Assembly